LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം ദുരിതമനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം

174 [861] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡു ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി ഈ സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ദുരിതമനുഭവിക്കുന്നവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ഏറ്റവും അധികം ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളെ അവരുടെ ആരോഗ്യ പരിരക്ഷ പരിഗണിച്ച് പുനഃരധിവസിപ്പിച്ചുകൊണ്ട് സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) കാസർഗോഡു ജില്ലയിൽ എൻഡോസൾഫാൻ പ്രയോഗം മൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്നതായി വിദഗ്ദ്ധ കമ്മിറ്റികളുടെ പഠനത്തിൽനിന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എങ്കിൽ പോലും 23-12-2000-നു ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ വക ഒരു എസ്റ്റേറ്റിലും എൻഡോസൾഫാൻ തളിക്കുന്നില്ല. കാസർഗോഡു ജില്ലയിലെ പെരിയ ഡിവിഷനിൽ 5 കൊല്ലത്തേക്ക് കീടനാശിനികൾ തളിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

പാന്ത്രെ വില്ലേജിലെ ആരോഗ്യപ്രശ്നങ്ങൾമൂലം ദുരിതം അനുഭവിക്കുന്നവർക്ക് ആവശ്യമായ ചികിത്സയും മരുന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ജില്ലാ പഞ്ചായത്ത് വികലാംഗ കോർപ്പറേഷനുമായി സഹകരിച്ച് പുനഃരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനം

175 [868] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിന് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര റാങ്ക് വരെ ഉള്ളവരെ നിയമിച്ചു;

(ബി) ഈ ലിസ്റ്റിൽനിന്നും നിയമനം തുടങ്ങിയിട്ടില്ലെങ്കിൽ കാല താമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;